(ബി) പുതുക്കാട് ബസ് സ്റ്റേഷനുവേണ്ടി പുതുക്കാട് പഞ്ചായത്ത് 2.5 ഏക്കർ സ്ഥലവും ആമ്പല്ലൂർ ബസ് സ്റ്റേഷനുവേണ്ടി അളഗപ്പനഗർ പഞ്ചായത്ത് 1 ഏക്കർ സ്ഥലവും കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) പുതുക്കാട് 7-6-1983-നും ആമ്പല്ലൂർ 24-9-1982-നുമാണ് സ്ഥലം കോർപ്പറേഷനു കൈമാറുന്നതായി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കോർപ്പറേഷന്റെ സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് മുൻഗണനാക്രമത്തിൽ പണി തുടങ്ങാനുള്ള നടപടികൾ എടുക്കുവാൻ ഉദ്ദേശിക്കുന്നു.

(എഫ്) പരിശോധിക്കുന്നതാണ്.

കാസർകോഡ് ബസ് സ്റ്റേഷനിൽ നിന്നും ഓപ്പറേറ് ചെയ്യുന്ന ഷെഡ്യൂളുകൾ

1665 [2493] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ബസ് സ്റ്റേഷനിൽ നിന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്;

(ബി) ഇവയിൽ അന്തർ സംസ്ഥാന റൂട്ടുകൾ എത്ര;

(സി) അനുവാദം നൽകിയ റൂട്ടുകളിൽ ബസ്സ് ഓടാതെയുണ്ടോ? എങ്കിൽ എത്ര റൂട്ടുകളിൽ;

(ഡി) അനുവദിച്ച എല്ലാ റൂട്ടുകളിലും ബസ്സ് ഓടിക്കുന്നതിന് നടപടികളെടുക്കുമോ?

ഉത്തരം

(എ) 15 ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്.

(ബി) ഏഴ്.

(സി) തലശ്ശേരി-മണിപ്പാൽ എന്നൊരു സർവ്വീസ് ഓടാതെയുണ്ട്.

(ഡി) വാഹനലഭ്യതയനുസരിച്ച് മറ്റു സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി കിട്ടിയാൽ അനുവദിച്ച റൂട്ടുകളിൽ ബസ്സ് ഓടിക്കുവാൻ നടപടികൾ എടുക്കുന്നതാണ്.

താമരശ്ശേരി, കൽപ്പറ്റ, മാനന്തവാടി എന്നീ സബ് ഡിപ്പോകളുടെ നിർമ്മാണം

1666 [2495] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ താമരശ്ശേരി, കൽപ്പറ്റ, മാനന്തവാടി എന്നീ സബ് ഡിപ്പോകളുടെനിർമ്മാണം പൂർത്തിയായോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ കാരണമെന്ത്; ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്നുപറയാമോ;

(സി) ഈ ഓരോ സബ് ഡിപ്പോകളിൽ നിന്നും എത്ര ബസ്സുകളാണ് ഓപ്പറേറ്റുചെയ്തിരുന്നത്;

(ഡി) താമരശ്ശേരിയിൽ നിന്നും ഓപ്പറേറ്റു ചെയ്തിരുന്ന പല റൂട്ടുകളിലും ഇപ്പോൾ ബസ് ഓടിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) ഇല്ല.

(ബി) താമരശ്ശേരിയിലും മാനന്തവാടിയിലും പണി തുടങ്ങിമിക്കവാറും പകുതിയോളമായി. കൽപ്പറ്റയിൽ പണിതുടങ്ങിയിട്ടില്ല. സാമ്പത്തിക പരിമിതിമൂലം പണി പൂർത്തിയാക്കുന്ന കൃത്യമായ തീയതി പറയുവാൻ നിർവ്വാഹമില്ല.

(സി) കൽപ്പറ്റ, മാനന്തവാടി എന്നീ ഓപ്പറേറ്റിംഗ് സെൻറുകളിൽ നിന്നും 35 ഷെഡ്യൂളുകളും വീതവും താമരശ്ശേരി സബ് ഡിപ്പോയിൽ നിന്ന് 22 ഷെഡ്യൂളുകളും ആണ് ഓപ്പറേറ്റു ചെയ്യുന്നത്.

(ഡി) ഉണ്ട്.

(ഇ) ബസ്സുകളും, ടയർ, സ്പെയർപാർട്ടുകളും എന്നിവയുടെ കുറവുമൂലമാണ് സർവ്വീസുകൾ കൃത്യമായി ഓടിയ്ക്കാൻ കഴിയാതെ വന്നത്.

കിളിമാനൂർ ട്രാൻസ്പോർട്ട് ഡിപ്പോയുടെ പണി

1667 [2497] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ട്രാൻസ്പോർട്ട് ഡിപ്പോയുടെ പണികൾ എത്രത്തോളമായെന്നു വ്യക്തമാക്കാമോ;

(ബി) അതിന്റെ പണികൾ എന്ന് പൂർത്തീകരിക്കും;

(സി) പ്രസ്തുത പണികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മിക്കവാറും പണികൾ പൂർത്തീയാക്കിക്കഴിഞ്ഞു.

(ബി) പൂർണ്ണമായി താമസംവിനാ പൂർത്തികരിക്കും.

(സി) നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

വടക്കഞ്ചേരിയിൽ പുതിയ കെ. എസ്. ആർ. ടി. സി. കെട്ടിടം

1668 [2498] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരിയിൽ കെ. എസ്. ആർ. ടി. സി. ക്കു പുതിയ കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly